# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*554    27.07.2015 ൽ മറുപടിക്ക്**

**പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഹൈബി ഈഡൻ<br>,, പി.എ.മാധവൻ<br>,, എം എ വാഹിദ് | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

എ) പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

സി) കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത്?

എ) ബി) & സി) 27.02.2013 ലെ GO(Ms)No.19/2013/PWD പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പനി ആക്ട് 1956 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഈ കമ്പനി കേരളത്തിലങ്ങോളമിങ്ങോളമുള്ള അംഗീകൃത ബസ്സ്സ്റ്റോപ്പുകളിൽ ആധുനികരീതിയിലുള്ള ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും,പരിപാലിക്കുന്നതിനും മറ്റുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ ധനം പരസ്യങ്ങളിലൂടെയും മറ്റ് അനുബന്ധ വരുമാന സ്രോതസ്സുകളിലൂടെയും സമാഹരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

അനധികൃതമായും യാതൊരു വിധത്തിലുള്ള അംഗീകാരമില്ലാതെയും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ വിവിധ ഏജൻസികൾ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 03.07.2015 ലെ G.O.(Rt)No.932/2014/ PWD ഉത്തരവ് പ്രകാരം ഇത്തരം അനധികൃത നിർമ്മാണങ്ങൾ നിരോധിക്കുകയും, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം പൂർണ്ണമായും പ്രതീക്ഷ ബസ് ഷെൽട്ടർ കമ്പനിയെ ഏൽപ്പിക്കുകയുമുണ്ടായി.

പ്രതീക്ഷ ബസ് ഷെൽട്ടറിന്റെ പ്രവർത്തനത്തിന്റെ തുടക്കം എന്ന നിലയിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന പ്രിയ അഡ്വർട്ടൈസിംഗ് കമ്പനിയുമായി യോജിച്ച്

കൊച്ചിയിൽ 34 ബസ് ഷെൽട്ടറുകളുടെ നിർമ്മാണവും നവീകരണവും നടത്താൻ കമ്പനിയുടെ 06.05.2014-ൽ കൂടിയ ഡയറക്ടർ ബോർഡ് തീരുമാനമെടുക്കുകയും ഇതിൻ പ്രകാരം 2014 നവംബർ 14-ന് കൊച്ചിയിൽ സി.എം.എഫ്.ആർ.ഐ സമുച്ചയത്തിന് മുൻഭാഗത്ത് 2 ബസ് ഷെൽട്ടറുകൾ നിർമ്മിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കു-കയുമുണ്ടായി.

സെക്ഷൻ ഓഫീസർ